പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3644 | 11.11.2019- ൽ മറുപടിക്ക്

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെട്ട വാഴക്കോട്- പ്ലാഴി റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ പ്രദീപ്:** | **പിണറായി വിജയൻ (മുഖ്യ മന്ത്രി)** |
| (എ) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കോട്- പ്ലാഴി പി.ഡബ്ല്യു.ഡി റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; | (എ) ഉണ്ട്. ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കോട് - പ്ലാഴി പി.ഡബ്ല്യു.ഡി റോഡ് റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (ബി) കൺസൾട്ടന്റ് ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിച്ചു. |
| (സി) കെ.എസ്.റ്റി.പി ഏതു ഏജൻസിയെയാണ് ഡി.പി.ആർ തയ്യാറാക്കുന്നതിന് ചുമതല പ്പെടുത്തിയിട്ടുള്ളത്; | (സി) M/s Louis Berger Consulting Pvt. Ltd എന്ന ഏജൻസിയെയാണ് ഡി.പി.ആർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) ഡി.പി.ആർ എപ്പോൾ തയ്യാറാക്കി നൽകാനാണ് കെ.എസ്.റ്റി.പി യും കൺസൾട്ടൻസി കമ്പനിയുമായി എഗ്രിമെന്റ് ആയിട്ടുള്ളത്; | (ഡി) 6 മാസം കാലാവധിയായി നൽകിയിട്ടുള്ള കരാർ പ്രകാരം റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.റ്റി.പി നൽകിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (ഇ) പ്രകൃതിദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ നൂതന സാധന സാമഗ്രികളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുള്ള വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. |

| | | |
|---|---|---|
| (എഫ്) | എപ്പോൾ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയും എന്നാണ് കെ.എസ്.റ്റി.പി പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (എഫ്) 2020 മെയ് മാസത്തോടെ ടെണ്ടർ ചെയ്ത് റോഡുകളുടെ പുനർനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ